പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 5070 06.02.2014-ൽ മറുപടിക്ക്

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മത്സ്യമേഖലയിൽ അനുവദിച്ച തുകയിൽ ക്രമക്കേടുകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.റ്റി. ജോർജ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മത്സ്യമേഖലയിൽ അനുവദിച്ച തുകയിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടോ ; | (എ) | ക്രമക്കേടുകൾ നടന്നിട്ടില്ല. മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ബന്ധപ്പെട്ട കടാശ്വാസ തുക സംഘങ്ങൾക്ക് അനുവദിച്ച നൽകിയ വേളയിൽ ക്ലറിക്കൽ ഭാഗത്തുണ്ടായ പിശക് മൂലം 20 സംഘങ്ങളുടെ കണക്കുകളിൽ തെറ്റ് സംഭവിക്കുകയും തന്മൂലം ഈ സംഘങ്ങളിലേയ്ക്ക് 52.61 ലക്ഷം രൂപ അധികമായി എറണാകുളം ജില്ലാ ആഫീസിൽ നിന്നും അനുവദിച്ച് നൽകുകയുമുണ്ടായി. ഈ തെറ്റ് മത്സ്യഫെഡ് ഹെഡ് ആഫീസിൽ നിന്നുള്ള പരിശോധനാ വിഭാഗം കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | 05.07.2012 ലും 06.07.2012 ലും ഹെഡ് ഓഫീസിൽ നിന്നുള്ള കടാശ്വാസ പരിശോധനാ വിഭാഗം നടത്തിയ പരിശോധനയിൽ കടാശ്വാസ നിബന്ധനകൾ പ്രകാരം സംഘങ്ങളുടെ വായ്പാ ലെഡ്ജർ അനുസരിച്ച് ലഭിക്കേണ്ട തുകയും, ജില്ലാ മാനേജർ അനുവദിച്ച നൽകിയ തുകയും തമ്മിൽ അന്തരം കണ്ടെത്തിയിട്ടുണ്ടോ; | (ബി) | 05.07.2012 ലും 06.07.2012 ലും പിന്നീടുമായി മത്സ്യഫെഡ് ഹെഡ് ആഫീസിന്റെ നിർദ്ദേശത്തിൽ നടത്തിയ പ്രത്യേക പരിശോധനയിൽ എറണാകുളം ജില്ലയിലെ 20 സംഘങ്ങൾക്കായി 52,61,313 രൂപ അധികം നൽകിയതായി കണ്ടെത്തി. അധിക തുക കൈപ്പറ്റിയ സംഘങ്ങളിൽ നിന്നും ടി തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 48,05,954 രൂപ തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബാക്കിയുള്ള 3 സംഘങ്ങളിൽ നിന്നായി ബാക്കി തുകയായ 4,55,359 രൂപ തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | പ്രസ്തുത തിരിമറി നടത്തിയ ജില്ലാ മാനേജരുടെ പേരിൽ എന്ത് ശിക്ഷണ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | തുക തിരിമറി നടത്തിയിട്ടില്ല. എന്നാൽ കണക്കുകളിലുണ്ടായ പിശക് മൂലം അധികം അനുവദിച്ച തുകയായ 52,61,313 ലക്ഷം രൂപയിൽ 48,05,954 രൂപ തിരിച്ച് പിടിക്കുകയും ബാക്കി തുകയായ 4,55,359 രൂപ തിരികെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു.<br>കടാശ്വാസം പോലുള്ള ഒരു പ്രധാന പദ്ധതി അലക്ഷ്യമായി കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ല മാനേജർക്ക് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. അദ്ദേഹം ടി കത്തിന് മറുപടി നൽകിയിട്ടുണ്ട്. ടി മറുപടിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ